# കണ്ണൂർ സർവ്വകലാശാല

# (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2022 കെ. യു എച്ച്. ക്യു., തീയതി: 06.10.2023

**പ്രസിദ്ധീകരണത്തിന്**

**പരീക്ഷാ കേന്ദ്രത്തിൽ മാറ്റം**

ഒക്ടോബർ 10 ന് നടക്കുന്ന കണ്ണൂർ സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി. ടെക് സിവിൽ എഞ്ചിനീയറിംഗ് (മേഴ്‌സി ചാൻസ് – സപ്ലിമെന്ററി –പാർട്ട് ടൈം ഉൾപ്പെടെ ) , നവംബർ 2022 (Civil Engineering Drawing I) പരീക്ഷകൾക്ക് രെജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ അന്നേ ദിവസം കണ്ണൂർ ഗവ . എഞ്ചിനീയറിംഗ് കോളേജിൽഹാജരാകണം . സമയക്രമത്തിൽ മാറ്റമില്ല. അന്നേ ദിവസം നടക്കുന്ന മറ്റ് ബി ടെക് പരീക്ഷകളും തുടർന്ന് വരുന്ന ബി ടെക് കോഴ്സുകളുടെ പരീക്ഷകളും കണ്ണൂർ സർവകലാശാല താവക്കര ക്യാമ്പസ്സിൽ വെച്ച് തന്നെ നടക്കുന്നതായിരിക്കും

**പരീക്ഷാഫലം**

അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേർണിങ്ങ്, ഒക്ടോബർ 2022 (റഗുലർ) പരീക്ഷാഫലം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയം/സൂക്ഷ്മ പരിശോധന/പകർപ്പ് ലഭ്യമാക്കൽ എന്നിവക്കുള്ള അപേക്ഷകൾ 18/10/2023, 05 PM വരെ ഓൺലൈൻ ആയി സ്വീകരിക്കുന്നതാണ്.

രണ്ടാം വർഷ ബിരുദാനന്തര ബിരുദം (വിദൂര വിദ്യാഭ്യാസം ) സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ്, ജൂൺ 2022 പരീക്ഷാഫലം സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.പുനർമൂല്യനിർണ്ണയം,സൂക്ഷ്മപരിശോധന,ഫോട്ടോകോപ്പിഎന്നിവയ്ക്കുള്ള അപേക്ഷകൾ 18/10/2023 വരെ സ്വീകരിക്കുന്നതാണ്.മാർക്ക് ലിസ്റ്റുകൾ വിതരണം ചെയ്യുന്ന തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും .

**പുനർമൂല്യ നിർണ്ണയ ഫലം**

ഒന്നാം വർഷ ബി എസ് സി / ബി സി എ (വിദൂര വിദ്യാഭ്യാസം ) , ഏപ്രിൽ 2022 പരീക്ഷകളുടെ പുനർമൂല്യ നിർണ്ണയ ഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു .ഗ്രേഡ് / ഗ്രേഡ് പോയിന്റ് മാറിയ വിദ്യാർത്ഥികൾ റിസൾട്ട് മെമ്മോ യുടെ ഡൌൺലോഡ് ചെയ്ത പകർപ്പും മാർക്ക് ലിസ്റ്റും സഹിതം ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്

**<u>പ്രായോഗിക പരീക്ഷ</u>**

നാലാം സെമസ്റ്റർ എം എസ് സി കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീന് ലേണിങ് (റഗുലർ/സപ്ലിമെൻററി),ഏപ്രിൽ 2023 ൻറെ പ്രായോഗിക പരീക്ഷ ഒക്ടോബർ 09, 10 എന്നീ തീയതികളിലായി കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആൻറ് സയൻസ് കോളേജിൽ വച്ച് നടത്തുന്നതാണ് .ടൈം ടേബിൾ വെബ് സൈറ്റിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ കോളേജുമായി ബന്ധപ്പെടുക.

**ഒപ്പ് /-**

**അസിസ്റ്റന്റ് രജിസ്ട്രാർ I**

**പരീക്ഷാ വിഭാഗം.**